പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 189 **27-10-2026-ൽ മറുപടിയ്ക്ക്**

പരിസ്ഥിതിലോല മേഖല

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) പരിസ്ഥിതിലോല മേഖല അടയാളപ്പെടുത്തുന്ന ഭൂപടം കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: സമർപ്പിച്ചിട്ടുണ്ട്. പശ്ചിമഘട്ട പരിസ്ഥിതിലോല മേഖല (WGESA) സംബന്ധിച്ച് 98 വില്ലേജുകളിലായി 8,590.69 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുള്ള പരിസ്ഥിതിലോല പ്രദേശങ്ങളുടെ ഭൂപടങ്ങൾ, KML (കീ ഹോൾ മാർക്ക് - അപ്പ് ലാംഗ്വേജ്) ഫയൽ, ഷേപ്പ് ഫയലുകൾ, അനുബന്ധ ജിയോസ്പേഷ്യൽ വിവരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിർദ്ദേശമാണ് 24.09.2026-ന് സംസ്ഥാന സർക്കാർ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്.

(ബി) ജനവാസപ്രദേശങ്ങളും തോട്ടങ്ങളും ജലാശയങ്ങളും ഒറ്റപ്പെട്ട വനപ്രദേശങ്ങളും ഒഴിവാക്കിയാണോ ശിപാർശ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: ജനവാസ മേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ, ഒറ്റപ്പെട്ട വനപ്രദേശങ്ങൾ എന്നിവയെല്ലാം പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്നുള്ള നിർദ്ദേശമാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

(സി) കഡസ്ട്രൽ ഭൂപടത്തിൽ ആരാധനാലയങ്ങളും ആദിവാസി ഊരുകൾ ഉൾപ്പെടെയുള്ള ജനവാസമേഖലകളും കച്ചവടസ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: കഡസ്ട്രൽ ഭൂപടങ്ങൾ സർക്കാർ നിലവിൽ തയ്യാറാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നിർദ്ദിഷ്ട പരിസ്ഥിതിലോല പ്രദേശത്തിന്റെ KML ഫയൽ, ഷേപ്പ് ഫയൽ എന്നിവയാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ